# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.895 12.12.2012-ൽ മറുപടിയ്ക്ക്

## ഫ്ളഡ് ബാങ്ക് റോഡ് നിർമ്മാണം

ചോദ്യം | മറുപടി

ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമ പഞ്ചായത്തിൽ ഫ്ളഡ് ബാങ്ക് റോഡ് നിർമ്മാണത്തിനായുള്ള അനുമതിക്കായി ജെ.ഐ.സി.എ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർക്ക് അയച്ച പ്രൊപ്പോസലിൽ എന്തു നടപടി സ്വീകരിച്ചു; | (എ) & (ബി) | കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമ പഞ്ചായത്തിൽ ഫ്ളഡ് ബാങ്ക് റോഡ് നിർമ്മാണത്തിന്റെ അനുമതിക്കായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ അതിന് അനുമതി നൽകാൻ സാധ്യമല്ല എന്ന് കാണുകയുണ്ടായി. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 1422 മി.മീ. വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നത്, വാട്ടർ അതോറിറ്റി അക്വയർ ചെയ്ത ഭൂമിയിലൂടെയാണ്. ഭൂതല നിരപ്പിൽ നിന്നും 1.1 മീ. താഴ്ചയിലാണ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. സമീപമുള്ള ബണ്ട് റോഡ് ഭൂതല നിരപ്പിൽ നിന്നും 2.5 മീ. മുകളിലാണ്. പൈപ്പ് കടന്നുപോകുന്ന സ്ഥലം കൂടിചേർത്ത് ബണ്ട് റോഡ് വലുതാക്കി ബൈപാസ് നിർമ്മിക്കുകയാണെങ്കിൽ പൈപ്പ് ലൈൻ ഏകദേശം 4 മീ. താഴെയാകും. ഇത്രയും വലിയ പൈപ്പ് ലൈനിന് മുകളിൽ 4 മീറ്ററോളം മണ്ണിട്ട് റോഡ് നിർമ്മിച്ചാൽ പൈപ്പ് ലൈനിന്റെ അറ്റകുറ്റപണികൾ അസാധ്യമാകും. മേൽപറഞ്ഞ വിധം റോഡ് നിർമ്മിക്കുന്നതിനുള്ള തടസ്സം കക്കോടി ഗ്രാമ പഞ്ചായത്തിനെ 2010 ജൂൺ മാസത്തിൽ തന്നെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | ഫ്ളഡ് ബാങ്ക് റോഡിന്റെ നിർമ്മാണത്തിന് എത്രയും പെട്ടെന്ന് അനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ